നം. സി.ഇ.ഇ/436/2010/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

# 2010-ലെ എം.സി.എ കോഴ്സിലേയ്ക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ്

**2010-ലെ എം.സി.എ കോഴ്സിലേയ്ക്ക്** കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ, ഒരു സീറ്റിലേയ്ക്കും (ജനറൽ വിഭാഗം - 1), കോഴിക്കോട് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ, രണ്ട് സീറ്റുകളിലേയ്ക്കും (ജനറൽ വിഭാഗം - 2 ), കാസറഗോഡ് എൽ.ബി.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ , ആറ് സീറ്റുകളിലേയ്ക്കും (മാനേജ്മെന്റ് - 6), **28.12.2010 (ചൊവ്വാഴ്ച) രാവിലെ 10.30 ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം 695001)** വച്ച് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

2010-ലെ എം.സി.എ പ്രവേശന പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഈ സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡ്, വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം *(ക്ലോസ് 11, പ്രോസ്പെക്ടസ് ശ്രദ്ധിക്കുക)*, 28. 12. 2010 രാവിലെ 10 മണിക്ക് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. ഇപ്പോൾ എം.സി.എ ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ഈ അലോട്ട്മെന്റിൽ പങ്കെടുക്കുകയാണെങ്കിൽ ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എം.സി.എ കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റിൽ മുമ്പ് നൽകിയിട്ടുള്ള ഓപ്ഷനുകൾ ഈ അലോട്ടുമെന്റിൽ പരിഗണിക്കുന്നതല്ല.ഈ അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. 28.12. 2010 - ൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **30.12.2010** നോ അതിനു മുമ്പോ അതാത് കോളേജിൽ ഹാജരായി ഫീസടച്ച് പ്രവേശനം നേടിയിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം

17.12. 2010

**പ്രവേശന പരീക്ഷാ കമ്മീഷണർ (I/C)**